പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3017

13-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും | കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2 കോടി രൂപ വീതം ചെലവിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 28.05.2012-ലെ ജി.ഒ(ആർ.ടി.)നം.1456/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ളതും നിലവിൽ ദൂരെ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളെയും ഒരേ കെട്ടിടത്തിനുള്ളിൽ കൊണ്ടുവരുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങളുടെ ആവശ്യം മുൻനിർത്തിയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകരമാകുന്ന രീതിയിൽ മൂന്ന് നിലകളോട് കൂടിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 2016-ലെ എസ്.ഒ.ആർ. പ്രകാരം തയ്യാറാക്കിയ 5.50 കോടി രൂപയുടെ എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ചിരുന്നു. സർക്കാർ വിഹിതത്തിന് പുറമെയുള്ള തുക 2018-19,2019-20,2020-21 വർഷങ്ങളിലെ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും നിലവിൽ തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും കണ്ടെത്തി ബഹു വർഷ പ്രോജക്ടായി നടപ്പാക്കാൻ അനുമതി നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. നടപ്പ് വർഷത്തെ |
| (ബി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും;വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന ബഡ്ജറ്റിൽ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപയിൽ 4.46 കോടി രൂപ പരപ്പ, കാറഡുക്ക, പനമരം ബ്ലോക്ക് പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ ഭരണാനുമതി നൽകി 15.06.2017 ലെ ജി.ഒ(ആർ.ടി.)നം.1979/2017/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ 5.50 കോടി രൂപ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് കണ്ടെത്തുന്നത് സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഹിതത്തിന് പുറമെയുള്ള തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തി ബഹു വർഷ പ്രോജക്ടായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറക്ക് പ്രവൃത്തിയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**